**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 222** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>അമ്പലപ്പാറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡിജിറ്റൽ എക്സ്റേ വാങ്ങിയതിന് ചെലവായ തുക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേംകുമാർ ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ഒറ്റപ്പാലം നിയോജക മണ്ഡലം എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും (2020-21) അമ്പലപ്പാറ സി.എച്ച്.സി. യിൽ ഡിജിറ്റൽ എക്സ്റേ വാങ്ങിയതിന് ചെലവായ തുക കരാർ കമ്പനിക്ക് കൈമാറിക്കൊണ്ട് Health-M1/334/2025 നമ്പർ ഫയലിൽ ഉത്തരവായിട്ടുണ്ടോ;

**<u>മറുപടി:</u>** 2026-27 സാമ്പത്തിക വർഷം മുതൽ LAC-ADS പദ്ധതിയുടെ തുക വിനിയോഗിക്കുന്നതിനായി അതത് വകുപ്പ് അധ്യക്ഷന്മാരെ Chief Controling Officer (CCO) ആയി നിയമിക്കുകയും പുതിയ ശീർഷകം അനുവദിക്കുകയും ചെയ്ത സാഹചര്യത്തിൽ ചില പദ്ധതികൾക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കേണ്ടതായി വരുന്നു.

അമ്പലപ്പാറ സി.എച്ച്.സി.യുടെ കാര്യത്തിൽ ഒന്നിലധികം ഘട്ടങ്ങളിൽ ഭരണാനുമതി പുതുക്കേണ്ടി വന്നതും, ശീർഷകം മാറിയതും, KMSCL റണ്ണിംഗ് കോൺട്രാക്റ്റുമായി ബന്ധപ്പെട്ട വ്യക്തത വരുത്തേണ്ടി വന്നതുമാണ് കാലതാമസത്തിന് കാരണമായത്. നിലവിൽ ആവശ്യമായ നടപടികൾ പൂർത്തിയാക്കി 20.09.2026 തീയതിയിലെ സ.ഉ(സാധാ) നം.3088/2026/H&FWD, പ്രകാരം തുക അനുവദിക്കുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

**(ബി)** പ്രസ്തുത എക്സ്റേ മെഷീന്റെ തുക കരാർ കമ്പനിക്ക് ലഭിക്കാത്തത് കാരണം മെഷീൻ ഓഫ് ചെയ്ത് ഇട്ടിരിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ഫണ്ട് കമ്പനിക്ക് മാറി കൊടുക്കുന്നതിന് പകരം ആരോഗ്യ വകുപ്പ് സെക്രട്ടറി മെഷീൻ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് ചോദിച്ച് ഫയൽ മടക്കിയതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** എം.എൽ.എ. ഫണ്ടിൽ നിന്നും തുക വകയിരുത്തി ആശുപത്രികളിലേക്ക് മെഷീനുകൾ വാങ്ങി നൽകിയാൽ അതിന്റെ തുക മെഷീൻ നൽകുന്ന കമ്പനികൾക്ക് നൽകുന്നതിലുള്ള ഇത്തരം കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഇ)** അമ്പലപ്പാറ സി.എച്ച്.സി.യിലേക്ക് എക്സ്റേ വാങ്ങിയതിന്റെ തുക എന്നത്തേക്ക് കമ്പനിക്ക് നൽകാൻ കഴിയും; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**